**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 573** **11-11-2021 - ൽ മറുപടിയ്ക്ക്**

**വാഹന ചെക്ക് പോസ്റ്റുകൾ കൈക്കൂലി മുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന അതിർത്തികളിലെ വാഹന ചെക്ക് പോസ്റ്റുകളിൽ കൈക്കൂലി വ്യാപകമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 28.01.2020-ലെ ആഭ്യന്തരം-എസ്.എസ്.എ4 /27/2020/ആഭ്യന്തരം നമ്പർ കത്തിനൊപ്പം ലഭിച്ച രഹസ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.08.2021-ൽ 'ഓപ്പറേഷൻ ഭ്രഷ്ട് നിർമൂലൻ' (OPERATION BHRASHT NIRMOOLAN) എന്ന പേരിൽ സംസ്ഥാനത്തെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിനുമായി വിവിധ സർക്കുലറുകൾ പുറപ്പെടുവിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 32/2016, 12/2019 നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനുള്ള പരിശോധന നടത്തുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ 12/2017 നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. വിവിധ ചെക്ക്പോസ്റ്റുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിൽ സർക്കാരിലേക്ക് വിവിധ ഇനത്തിൽ ഈടാക്കുന്ന തുകയിൽ കുറവ് കണ്ടെത്തിയാൽ ആയത് സർക്കാർ പണം അപഹരിക്കുന്നതിന് തുല്യമായ പ്രവൃത്തിയായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണെന്ന് 07/2020 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അഴിമതി തടയുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിലെ സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 12/2021 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വാളയാർ ചെക്ക് പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതിന് വാക്കി-ടോക്കി ഉപയോഗിച്ചതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | വാളയാർ ഇൻ മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അനുമതിയില്ലാതെ വാക്കിടോക്കികൾ സൂക്ഷിച്ചു വന്നിരുന്നതായി വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) | വാളയാർ ഇൻ മോട്ടോർ വാഹന ചെക്ക്പോസ്റ്റിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അനുമതിയില്ലാതെ വാക്കിടോക്കികൾ സൂക്ഷിച്ചു വന്നിരുന്നതായും പ്രസ്തുത വാക്കിടോക്കികൾ 03.08.2021-ലെ പരിശോധനാവേളയിൽ വിജിലൻസ് പിടിച്ചെടുക്കുകയും ചെയ്തതായുള്ള തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. യു. ബിജുകുമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഷബീറലി. എം. എസ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഫിറോസ് ബിൻ ഇസ്മായിൽ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. അരുൺ കുമാർ. പി. സി, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ